# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മണമ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.4/ 272/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 21/03/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മണമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.4/ 272/2023 തീയ്യതി: 21/03/2023

## തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-02-2023 | 15-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-02-2023 | 15-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ലതാകുമാരി.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രേംനാഥ്.ജി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എ. നഹാസ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീലേഖ.എൽ.എച്ച് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ആഷ.എസ്.ജെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ | മെഡിക്കൽ ഓഫിസർ (സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ശ്രീമതി. രശ്മി | മെഡിക്കൽ ഓഫിസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീലേഖ. എൽ.എച്ച് | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ബിന്ദു.ആർ.ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ. അഭിലാഷ് ദിവാകരൻ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.ഷാനവാസ്.എസ് | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ. ബിന്ദു. എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. ഫെബീന | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ. ഉണ്ണികൃഷ്ണൻ നായർ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീ. ബീന.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നിയ സലിം. വി.ഐ | കൃഷി ഓഫീസർ | 01-04-2021 | 04-10-2021 |
| ശ്രീ. അനിൽ.സി.എസ് | കൃഷി ഓഫീസർ | 05-10-2021 | 31-03-2022 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം | 1-3 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ക്ഷേമപദ്ധതികൾ | 1-5 |
| 7 | സാമൂഹ്യ സുരക്ഷ പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്തിട്ടില്ല. | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ സംബന്ധിച്ച | 1-10 |
| 13 | റേഷൻകടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു | 1-11 |
| 14 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതാണ്. | 1-11-1 |
| 15 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-12 |
| 16 | ഓഡിറ്റോറിയം-ഹാൾ-സ്ഥാപന തൊഴിൽ നികുതി-ഈടാക്കേണ്ടതാണ്. | 1-12-1 |
| 17 | തൊഴിൽ നികുതി-ഭാഗികമായി അടച്ചിരിക്കുന്നു. | 1-12-2 |
| 18 | ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല | 1-12-3 |
| 19 | ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല. | 1-12-4 |
| 20 | സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-13 |
| 21 | ആസ്തി രജിസ്റ്റർ കാലികമല്ല. | 1-14 |
| 22 | ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല | 1-15 |
| 23 | കന്നുകുട്ടി പരിപാലനം വിനിയോഗ വിവരം ലഭ്യമാകുന്ന രജിസ്റ്റർ തയ്യാറാക്കണം | 1-16 |
| 24 | കെൽട്രോണിന് അധിക തുക നൽകിയത് ഈടാക്കേണ്ടതാണ് | 1-17 |
| 25 | കണ്ടിജൻസി ചെലവുകൾ 3757/- രൂപ തിരികെ അടവാക്കണം | 1-18 |
| 26 | കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം. | 1-19 |
| 27 | പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള നിരക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-20 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കണ്ടിജൻസി ചെലവുകൾ 3757/- രൂപ ക തിരികെ അടവാക്കണം | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

24.2.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് ഭരണസമിതി അംഗീകരിക്കുകയും 25.2.2021 തീയതിയിലെ 1/1 നമ്പർ തീരുമാന പ്രകാരം ബജറ്റ് പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് വിവരങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,90,66,909/- രൂപ |
| വരവ് | 19,94,40,707/- രൂപ |
| ആകെ | 21,85,07,616/- രൂപ |
| ചെലവ് | 20,57,35,689/- രൂപ |
| നീക്കിയിരിപ്പ് | 1,27,71,927/- രൂപ |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175 (1) വകുപ്പ് പ്രകാരം വർഷാവസാനം അടുത്ത വർഷത്തേക്കുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നതിലും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 214(1) വകുപ്പ് പ്രകാരമുള്ള ബജറ്റ് രൂപീകരണ നടപടിക്രമങ്ങളിലും സമയബന്ധിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.22 | 04.05.22 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു

1)വിവിധ ഫണ്ട് ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , വാർഷിക ധനകാര്യ പത്രിക, എ.സി.ആർ എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| Fund/Grant | Item | Receipt | Expenditure | Balance |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | ACR | 16384293 | 14712831 | 1671462 |
| | AFS | 14704351 | 14704351 | 0 |
| | Grant Statement | 16384293 | 17520879 | -1136586 |
| വികസനഫണ്ട് (എസ്.സി.പി) | ACR | 8627437 | 7473461 | 1153976 |
| | AFS | 7473461 | 7473461 | 0 |
| | Grant Statement | 8627437 | 8231000 | 396437 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | ACR | 3655284 | 3476928 | 178356 |
| | AFS | 3634319 | 3634319 | 0 |
| | Grant Statement | 3655284 | 3476928 | 178356 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | ACR | 9218664 | 7027889 | 2190775 |
| | AFS | 7415478 | 7415478 | 0 |
| | Grant Statement | 9218664 | 7027889 | 2190775 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | ACR | 6608416 | 3960147 | 2648269 |
| | AFS | 3960147 | 3960147 | 0 |
| | Grant Statement | 6608416 | 3960147 | 2648269 |

വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

2.സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2021-22 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വർഷത്തെ നീക്കിയിരിപ്പ് ചുവടെ

ചേർക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 280500 |
| 2. | 320700404 | ബ്ലോക്ക് പഞ്ചായത്ത് | 100275 |

ചെലവഴിക്കാതെ തുക അവശേഷിക്കാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

3) 2021-22 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റ് പ്രകാരം സ്റ്റോക്ക് മൂല്യം 0 ആണ്.

4) NREGS , MIS പ്രകാരം EFMS വരവ് 24113265.34 ആണ്. AFS പ്രകാരം EFMS വരവ് 23952110 രൂപയാണ്. വ്യത്യാസം 161155/- രൂപ. വ്യത്യാസത്തിനുള്ള കാരണം വിശദമാക്കേണ്ടതാണ്.

5) 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

6) ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ പിരിച്ചെടുത്ത 122088/- രൂപ ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.

7) കേരള വാട്ടർ അതോറിട്ടി, KSEB എന്നീ സ്ഥാപനങ്ങളിൽ മുൻവർഷങ്ങളിലും തൻവർഷവും ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ 21-22 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചവയുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്( നം 6, 8.2.23 ) ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. വികസനഫണ്ടിൽ Source Deduction ഉം 8480/- രൂപയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും പാസാകാത്തത് കാരണവും ഉള്ള വ്യത്യാസമാണ് നിലനിൽക്കുന്നതെന്നും വികസനഫണ്ട് എസ് സി പി യിൽ Source Deduction കാരണമാണ് വ്യത്യാസം നിലനിൽക്കുന്നത് എന്നും അറിയിച്ചു.സ്പിൽ ഓവർ പദ്ധതികൾക്ക് അനുവദിച്ച തുക, E Gram Swaraj വഴി ചെലവഴിച്ച തുക, പലിശ ലഭിച്ച തുക ഇവ കൂടി ഉൾപ്പെട്ട് വരവ് ചെലവ് നടത്തുന്നതാണ് സി എഫ് സി ടൈഡ്, അൺടൈഡ് ഗ്രാന്റുകളിലെ പൊരുത്തക്കേടിന് കാരണം എന്ന് അറിയിച്ചു.

(2). കിണർ റീ ചാർജ്ജ് , വികലാംഗ സ്കോളർഷിപ്പ്, പകൽവീട് എന്നിവയ്ക്കായി അനുവദിച്ച തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക, 2022-23 സാമ്പത്തിക വർഷം ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു.

3. സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand Inventories) -ൽ ഉൾപ്പെടുത്താൻ സാംഖ്യയിൽ സംവിധാനം ഇല്ല എന്ന് അറിയിച്ചു.

4. ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 160952/- രൂപ Administration Head-ൽ കാണിക്കാതെ ലൈബലിറ്റി ഹെഡിൽ രേഖപ്പെടുത്തിയതും, ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 203/- രൂപ തിരികെ വന്നത് സാംഖ്യയിൽ രേഖപ്പെടുത്താത്തതുമാണ് വ്യത്യാസത്തിന് കാരണം. ക്യാഷ്ബുക്കിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്.

5. വാർഷിക അനുപാതം വരുംവർഷങ്ങളിൽ AFS-ൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചു.

6. 2020-21 വർഷം അടച്ച BC തുകയാണ് ബാലൻസ് നിൽക്കുന്നത് എന്നും 2022-23 വർഷം ചെലവഴിച്ചിട്ടുണ്ട് എന്ന് മറുപടി നൽകി.

7 2018-19 വർഷം KWA യിൽ നിന്നും തിരികെ ലഭിച്ച തുക 614049/- രൂപ Prior Period ഹെഡായി ജേണൽ രേഖപ്പെടുത്തി അഡ്വാൻസ് ഹെഡിൽ നിന്നും കുറവ് ചെയ്തു. 703664/- രൂപ 2021-22 വർഷം തിരികെ ലഭിച്ചതും 761176/- രൂപ തൻവർഷം UC ലഭിച്ചതാണെന്നും അറിയിച്ചു.

മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതും 761176/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16384293 | 16384293 | 17520879 | -1136586 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 8627437 | 8627437 | 8231000 | 396437 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | | | | |

| | | | | | |
|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9218664 | 9218664 | 7027889 | 2190775 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3655284 | 3655284 | 3476928 | 178356 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13080617 | 13080617 | 8016433 | 5064184 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 6608416 | 6608416 | 3960147 | 2648269 |
| സി.എസ്.എസ് | 0 | 0 | 0 | 1428295 | -1428295 |
| എസ്.എസ്.എസ് | 0 | 0 | 0 | 1497697 | -1497697 |

1-3-1 ഗ്രാന്റ്- മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം

| വിഭാഗം | | പൊതു വിഭാഗം ജനറൽ | ചെലവ് ശതമാനം | എസ് സി പി | ചെലവ് ശതമാനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് റോഡ് | ചെലവ് ശതമാനം | മെയിന്റ നൻസ് ഗ്രാന്റ് നോൺ റോഡ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|---|---|---|
| പൊതുവിഭാഗം-ഉല്പാദനം | അടങ്കൽ | 4598025 | | 0 | | 0 | | 0 | | 195294 | |
| | ചെലവ് | 3588299 | 78% | 0 | 0 | 0 | 0 | 0 | 0 | 173824 | 89% |
| പൊതുവിഭാഗം-സേവനം | അടങ്കൽ | 13928269 | | 0 | | 11852916 | | 0 | | 3634382 | |
| | ചെലവ് | 12270550 | 88% | 0 | 0 | 8546083 | 72% | 0 | 0 | 3285856 | 90% |
| പൊതുവിഭാഗം-പശ്ചാത്തലം | അടങ്കൽ | 1036967 | | 0 | | 2370601 | | 13076000 | | 2395618 | |
| | ചെലവ് | 914030 | 88% | 0 | 0 | 1848734 | 78% | 8016433 | 61% | 500467 | 23% |
| പട്ടിക ജാതി വിഭാഗം-ഉല്പാദനം | അടങ്കൽ | 0 | | 160000 | | 0 | | 0 | | | |
| | ചെലവ് | 0 | | 130000 | 81% | 0 | 0 | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-സേവനം | അടങ്കൽ | 0 | | 8905753 | | 245000 | | 0 | | | |
| | ചെലവ് | 0 | | 7459840 | 83% | 110000 | 44% | 0 | 0 | 0 | 0 |
| പട്ടിക ജാതി വിഭാഗം-പശ്ചാത്തലം | അടങ്കൽ | 748000 | | 740161 | | 0 | | 0 | | 0 | |
| | ചെലവ് | 748000 | 100% | 641160 | 86% | 0 | 0 | 0 | 0 | 0 | |

പൊതുവിഭാഗം പശ്ചാത്തല മേഖലയിൽ മെയിന്റെനൻസ് ഗ്രാന്റ് നോൺറോഡ് 23%, മെയിന്റെനൻസ് ഗ്രാന്റ് റോഡ് 61% എന്നിങ്ങനെയാണ് ചെലവഴിച്ചിട്ടുള്ളത്.പട്ടികജാതി വിഭാഗം സേവന മേഖലയിൽ ധനകാര്യകമ്മീഷൻ ഗ്രാന്റ് 44% മാത്രമാണ് ചെലവ് നടന്നിട്ടുള്ളത്. ഓരോ മേഖലയിലും അതാത് പ്രദേശത്തേയും ജനങ്ങളുടേയും വികസനത്തിന് പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വികസന പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന ഫണ്ടുകൾ ലാപ്സാകാതെ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ.ഉ(കൈ)നം.11/2018/lsgd Dated 29.1.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.11 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 % ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും

വകയിരുത്തണം. ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പ്രകാരമുള്ള തുക വകയിരുത്തി ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു. മറ്റ് ദുർബല വിഭാഗങ്ങൾ, യുവജന വികസനം എന്നിവയ്ക്ക് തുക വകയിരുത്തി ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം(%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 3207725 | 2475705 | 77 |
| കുട്ടികൾ | 1115000 | 1030906 | 92 |
| വൃദ്ധർ | 620480 | 615945 | 99 |
| ഭിന്നശേഷിയുള്ളവർ | 175000 | 61760 | 35 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 0 | 0 | 0 |
| പാലിയേറ്റീവ് കെയർ രോഗികൾ | 900000 | 900000 | 100 |
| യുവജന വികസനം | 0 | 0 | 0 |

അനിവാര്യ പരിപാടികൾക്ക് വികസനഫണ്ടിൽ നിന്നുള്ള വകയിരുത്തൽ.

| ക്രമ നം | പദ്ധതി | ഫണ്ട്- വികസനഫണ്ട് വകയിരുത്തൽ | ചെലവ് | ചെലവ്% |
|---|---|---|---|---|
| 1. | അങ്കനവാടി പോഷകാഹാര വിതരണം | 1200000 | 1200000 | 100% |
| 2 | എസ് എസ് എ | 950000 | 945100 | 99% |
| 3 | പാലിയേറ്റീവ് കെയർ | 900000 | 900000 | 100% |
| 4 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 570500 | 501200 | 87.85% |
| 5. | പി എം എ വൈ ക്ക് അധിക വിഹിതം | 665000 | 530000 | 79% |
| 6. | ആശ്രയ പ്രോജക്ട് | 200000 | 50000 | 25% |
| 7 | ഐ കെ എം വിഹിതം | 90443 | 90443 | 100% |

## 1-4 പദ്ധതി അവലോകനം

2021-22 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 8 | 5518542 | 8 | 2856097 | | 0 | 100 |
| 2 | വെറ്റിനറി | 10 | 3785194 | 8 | 2254881 | | 2 | 80 |
| 3 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 3 | 1400000 | 3 | 1330571 | | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 4 | 1342799 | 4 | 1184375 | | 0 | 100 |
| 5 | വി.ഇ.ഒ.1 | 11 | 8912680 | 8 | 4421864 | | 3 | 72 |
| 6 | വി.ഇ.ഒ.2 | 20 | 47073475 | 17 | 10308303 | | 3 | 85 |
| 7 | ഐ.സി.ഡി.എസ് | 9 | 47795000 | 8 | 4290301 | | 1 | 88 |
| 8 | സെക്രട്ടറി | 28 | 12299676 | 26 | 10221940 | 0 | 2 | 92 |
| 9 | ഹെഡ്മാസ്റ്റർ | 3 | 490000 | 3 | 451387 | | 0 | 100 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ | 55 | 29831607 | 37 | 17673900 | 0 | 18 | 67 |
| 11 | ഡെയറി ഫാം ഇൻസ്ട്രക്ടർ | 1 | 900000 | 1 | 700000 | 0 | 0 | 100 |
| 12 | അസിസ്റ്റന്റ് സെക്രട്ടറി | 8 | 2045580 | 8 | 1918325 | | 0 | 100 |
| ആകെ | | 160 | 161394553 | 131 | 56414430 | | 29 | |

ആകെ വകയിരുത്തിയ ഫണ്ടിന്റെ 35ശതമാനം മാത്രമാണ് ചെലവഴിച്ചത്.വെറ്റിനറി സർജൻ വകയിരുത്തിയ

ഫണ്ടിന്റെ 59.57 ശതമാനം മാത്രമാണ് തൻവർഷം ചെലവഴിച്ചത്.അസിസ്റ്റന്റ് എഞ്ചിനീയർ അംഗീകാരം വാങ്ങിയ 55 പ്രോജക്ടുകളിൽ 37എണ്ണം ചെലവവഴിച്ചു. വകയിരുത്തിയ ഫണ്ടിന്റെ 59.24 ശതമാനം മാത്രമാണ് ചെലവഴിച്ചത്. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതികൾ 100% പൂർത്തീകരിച്ചെങ്കിലും ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ച് പദ്ധതികൾ പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി ആസൂത്രണം

1. ആസൂത്രണ സമിതി

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.018 ഖണ്ഡിക 3.1.1(ബി)പ്രകാരം പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ചവത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃസംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ഇത്തരത്തരത്തിലുള്ള നടപടി ക്രമങ്ങൾ പാലിച്ച് ആസൂത്രണസമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

2. വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് പരിശോധിച്ചതിൽ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുണ്ട്. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സും ക്ലോസ് ചെയ്ത് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. മാർഗ്ഗ രേഖപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

3. സ്റ്റാൻഡിംഗ് കമ്മിറ്റി

സ്റ്റാൻഡിംഗ് കമ്മിറ്റി മിനട്സുകളിൽ ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതുമായി ബന്ധപ്പെട്ട ചർച്ചകളും തീരുമാനങ്ങളും ഉൾപ്പെടുത്തേണ്ടതാണ്. പദ്ധതി നിർദ്ദേശങ്ങൾ പദ്ധതി നടത്തിപ്പ് , അവലോകനങ്ങൾ എന്നിവ അജണ്ടകളിൽ ഉൾപ്പെടുത്തേണ്ടതും ഘടകസ്ഥാപനങ്ങളുടെ ബജറ്റ് നിർദ്ദേശങ്ങൾ, ഇതു സംബന്ധിച്ച ക്രോഡീകരിച്ച വിവരങ്ങൾ എന്നിവ മിനട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1986600 | 136 |
| വിധവാപെൻഷൻ | 19133200 | 1319 |
| വാർദ്ധക്യകാലപെൻഷൻ | 33471700 | 2650 |
| വികലാംഗപെൻഷൻ | 5379700 | 353 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾ | 214400 | 15 |
| തൊഴിൽരഹിത വേതനം | 78240 | 66 |
| വിവാഹ ധനസഹായം | 60000 | 2 |

## 1-5-1 സാമൂഹ്യ സുരക്ഷ പെൻഷൻ- മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പന്റ് ചെയ്തിട്ടില്ല.

2021-22വർഷത്തെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് സേവന സോഫ്റ്റ് വെയർ, മരണരജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ സേവന സോഫ്റ്റ് വെയറിൽ മരണപ്പട്ട വ്യക്തികളുടെ പെൻഷൻ ആനുകൂല്യം സസ്പന്റ് ചെയ്തിട്ടില്ല. അതിനാൽ ചുവടെ ചേർക്കുന്ന വ്യക്തികളുടെ ബാങ്ക് അക്കൌണ്ടിലേക്ക് മരണശേഷവും പെൻഷൻ തുക വരവ് വന്നിട്ടുണ്ട്. വിശദവിവരം താഴെകൊടുക്കുന്നു.

| പേര് | പെൻഷൻ ഇനം | ആധാർ നം. | മരണപ്പെട്ട | അധികമായി കൈപ്പറ്റയ | പെൻഷൻ |
|---|---|---|---|---|---|

| | | | തീയതി | പെൻഷൻ | തുക |
|---|---|---|---|---|---|
| സാവിത്രിയമ്മ | വാർദ്ധക്യകാല പെൻഷൻ | 679845956790 | 31.1.2022 | 2/22 മുതൽ 6/22 വരെ | 8000 |
| ദേവദാസ്.കെ | വാർദ്ധക്യകാല പെൻഷൻ | 210758157487 | 20.1.2022 | 2/22 മുതൽ 6/22 വരെ | 8000 |
| ബിന്ദു.വി | അംഗപരിമിത പെൻഷൻ | 331466989279 | 21.1.2022 | 2/22 മുതൽ 6/22 വരെ | 8000 |
| ഉമൈബാബീവി | വിധവാ പെൻഷൻ | 693034074606 | 20.12.2021 | 1/22 മുതൽ 6/22 വരെ | 9600 |
| കൃഷ്ണമ്മ | വാർദ്ധക്യകാല പെൻഷൻ | 348645407145 | 6.3.2022 | 4/22 മുതൽ 5/22 വരെ | 3200 |
| ബാബു.കെ | വാർദ്ധക്യകാല പെൻഷൻ | 386880482782 | 20.2.2022 | 3/22 മുതൽ 11/22 വരെ (റദ്ദ് ചെയ്തിട്ടില്ല) | 14400 |
| ആകെ | | | | | 51200 |

ജനുവരി, ഫെബ്രുവരി മാസങ്ങളിലെ മരണം രജിസ്റ്റർ ചെയ്തതിന്റെ അപേക്ഷകളാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. 2021 ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മരണ സർട്ടിഫിക്കറ്റ് നല്കുന്ന അവസരത്തിൽ എല്ലാ അപേക്ഷകരിൽ നിന്നും മരണപ്പെട്ട വ്യക്തിയുടെ ആധാർ നം വാങ്ങി സൂക്ഷിച്ചിട്ടില്ല.അക്കാരണത്താൽ സേവന സോഫ്റ്റ് വെയറിൽ നിന്നും മരണപ്പെട്ട വ്യക്തി പെൻഷൻ ഗുണഭോക്താവാണോ എന്നും മരണശേഷവും അവർക്ക് പെൻഷൻ നല്കിയിട്ടുണ്ടോ എന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. മരണപ്പെട്ട വ്യക്തികൾക്ക് തുടർന്നും പെൻഷൻ നല്കാനുണ്ടായ സാഹചര്യം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 22, 15.2.23) ശ്രീ ബാബു ഒഴികെയുള്ള ഗുണഭോക്താക്കളിൽ നിന്നും മരണശേഷം നല്കിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നും ശ്രീ ബാബുവിന് നല്കിയ തുക തിരികെ ഈടാക്കുന്നതാണെന്നും അറിയിച്ചു.ഈടാക്കാത്ത തുക തിരികെ ഈടാക്കി അറിയിക്കേണ്ടതും മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള ഈടാക്കിയ തുകകളുടെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. അതോടൊപ്പം ഓരോ മാസവും മരണപ്പെട്ട വ്യക്തികളുടെ പെൻഷൻ സസ്പെന്റ് ചെയ്ത് മരണപ്പെട്ട വ്യക്തികൾക്ക് പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1013 | 655889 | 656902 | 656902 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 24113265.34 | 24113265.34 | 24113265.34 | 0 |
| ആകെ | 1013 | 247669154.34 | 24770167.34 | 24770167.34 | 0 |

ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 160952/- രൂപ Administration Head-ൽ കാണിക്കാതെ ലയബിലിറ്റി ഹെഡിൽ രേഖപ്പെടുത്തിയതും, ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത 203/- രൂപ തിരികെ വന്നത് സാംഖ്യയിൽ രേഖപ്പെടുത്താത്തത് കാരണം ക്യാഷ്ബുക്കും വാർഷിക ധനകാര്യപത്രികയും തമ്മിൽ 161155 രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8.02.2023, 2.10 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.04.2022 | 01.08.2021 മുതൽ 31.03.2022 വരെ | ലഭിച്ചിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2020 | 2015-16മുതൽ 2019-20 വരെ | 16.03.2021 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) ഗ്രാമ പഞ്ചായത്തിൽ ഓഫീസ് ഓർഡർ മുഖേന ജോലിവിഭജനം കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്.

2)ഓഫിസ് മീറ്റിംഗ് മിനിട്സ് എഴുതി സൂക്ഷിച്ചിട്ടുണ്ട്.

3) ഗ്രാമ പഞ്ചായത്തിൽ റിവ്യൂ മീറ്റിംഗുകൾ നടത്തിയിട്ടുണ്ട്.
4) ഗ്രാമ പഞ്ചായത്ത് ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ട്

5) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടികൾ താഴെപറയും പ്രകാരം സ്വീകരിക്കുന്നുണ്ട്.

എ)തപാലുകളുടെ കൂടെയോ പ്രത്യേകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ തുടങ്ങിയവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുന്നുണ്ട്

ബി) സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ രജിസ്റ്ററുകൾ ഏതെന്ന് അതത് തപാലിന്റെ നേരെ രജിസ്ട്രേഷൻ - വിതരണ രജിസ്റ്ററിൽ (8ാം കോളത്തിൽ) ചേർക്കുകയോ പ്രത്യേക രജിസ്റ്ററിൽ ചേർക്കണമെന്ന് നിഷ്കർഷിച്ചിട്ടില്ലാത്ത എല്ലാ തപാലുകളും പൊതു തൻപതിവേടിൽ ചേർക്കുകയോ ചെയ്യണം. ആയതു പ്രകാരം നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്.

സി) ഏഴ് ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയയ്ക്കുകയും ഡെസ്പാച്ച് വിവരം ഡയറിയിലെ 8ാം കോളത്തിൽ രേഖപ്പെടുത്തുന്നുമുണ്ട്.

ഡി) അന്വേഷണങ്ങൾക്ക് വ്യക്തമായ മറുപടി വിവരങ്ങൾ ശേഖരിക്കേണ്ട സാഹചര്യത്തിലും ഏതെങ്കിലും തരത്തിലുള്ള വിവരങ്ങൾ സെക്ഷനോ ഉത്തരവാദപ്പെട്ടവർക്കോ ഫ്രണ്ട് ഓഫീസിലേയ്ക്കോ തിരിച്ചോ കൈമാറേണ്ട സാഹചര്യത്തിൽ അവ നൽകുന്നതിനായി അനുബന്ധം 4 പ്രകാരമുള്ള മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നുണ്ട്.

ഇ) സൗജന്യമായും വില ഈടാക്കിയും നൽകുന്ന വിവിധ ഫോറങ്ങൾ ഫ്രണ്ട് ഓഫീസ് വഴി വിതരണം ചെയ്യുന്നതിന്റെ വിശദാംശങ്ങൾ അനുബന്ധം 5 മാതൃകയിലുള്ള ഫോറ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.എന്നാൽ വിവിധ ഫാറങ്ങളും അപേക്ഷകളും സൗജന്യമായി ഫ്രണ്ട് ഓഫീസിലൂടെ നൽകി വരുന്നുണ്ട്.

എഫ് ) സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്.

ജി) ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിട്ടറിംഗ് സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ ഫ്രണ്ട് ഓഫീസ് പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിന് വൈസ് പ്രസിഡന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. താഴെപറയുന്ന വിഷയങ്ങളിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

6)പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ മരണശേഷവും വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടു.

8) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

9) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ സംബന്ധിച്ച

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 എന്നിവ പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഡയറിഫാം, ഗോട്ട് ഫാം, ഇറച്ചിക്കോഴിഫാം മുട്ടക്കോഴിഫാം എന്നിവ പ്രവർത്തിക്കുന്നതായി പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ

ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതായും പരാമർശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ ഇരുപതിൽ താഴെ ആടുകളും, പൗൾട്രി ഫാമുകളിൽ 100 ൽ താഴെ കോഴികളുംമാത്രമേ ഉള്ളൂ എന്നതു കൊണ്ടും, കോഴികളെ സീസണലായി മാത്രമേ വളർത്തുന്നുള്ളൂ എന്നുള്ളതുകൊണ്ടും, കോവിഡ് സാഹചര്യം പരിഗണിച്ചും ഇവയ്ക്ക് പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ലൈസൻസ് ആവശ്യമില്ലായെന്നും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 14 ന് മറുപടിയായി അറിയിച്ചു. വരും വർഷങ്ങളിൽ ഫാമുകൾ ചട്ട പ്രകാരം ലൈസൻസ് എടുക്കുന്ന എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 റേഷൻകടകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിന്റെ പരിധിയിലുള്ള സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22-01-2019-ലെ (സി.എസ്.)എ9-764/19 നമ്പർ ഉത്തരവ് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസിൽ നിന്നും, തൊഴിൽ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2021-22 വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഒരു റേഷൻകടയും, റേഷൻ ഗോഡൗണും മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. എല്ലാ റേഷൻ കടകൾക്കും നോട്ടീസ് നൽകിയതായും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായും ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12 ന് മറുപടിയായി അറിയിച്ചു.

## 1-11-1 ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കേണ്ടതാണ്.

സ. ഉ (സാധാ) നം. 2511/07/ത.സ്വ.ഭ.വ തി. 22.07.2017 പ്രകാരം നിലവിലുള്ളതും പുതുതായി ലൈസൻസ് നൽകുന്നതുമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. അങ്ങനെയുള്ള ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനം തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ താഴെപറയുന്ന തൻവർഷം ലൈസൻസ് എടുത്ത് വ്യാപാരം നടത്തുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | വാർഡ് | ഉടമയുടെ പേര്, വിലാസം | സ്ഥാപനം |
|---|---|---|---|
| 1 | IV | ശ്രീമതി.ഷീന.എസ്, സൗഭാഗ്യ, പന്തടിവിള, മണമ്പൂർ | കൃപ കാർഷിക സംരംഭ യൂണിറ്റ്, മണമ്പൂർ |
| 2 | XVI/305 | ശ്രീമതി.ഉദയ, ശിവശക്തി, ചെറുന്നിയൂർ, താന്നിമൂട് | ഇന്ത്യൻ എക്സൽ, കവലയൂർ |
| 3 | I/528 | ശ്രീ. പ്രദീപ് കുമാർ, എസ്.എസ്. ലാന്റ് | ബാലാജി പൗൾട്രി ഫാം, പാർത്തുക്കോണം |
| 4 | VI/837 | ശ്രീമതി. സലീന.എ, ബിലാൽ മൻസിൽ, പി.സി.മുക്ക്, കല്ലമ്പലം | ബിലാൽ സ്റ്റോർ |
| 5 | VI/837(E) | ശ്രീമതി. രജനി. ബി, കുന്നിൽ വീട്, വലിയവിള, തോട്ടയ്ക്കാട് | ഫ്രണ്ട്സ് സ്റ്റിച്ചിംഗ് സെന്റർ & ഫാൻസി സെന്റർ, ചാത്തൻപാറ |
| 6 | XV/287 | ശ്രീമതി.ധർമ്മജ.എസ്, അഞ്ചനാ ഭവൻ, പാർത്തുക്കോണം | കാവേരി ഹോട്ടൽ, കവലയൂർ |
| 7 | IX/322(C) | ശ്രീ. ബിജു.വി, അടപ്പുവിള വീട്, പൊയ്കമുക്ക് | ഡിഷ് ആന്റിന സർവീസിംഗ് |
| 8 | XII/336, 337 | ശ്രീ. മുഹമ്മദ് ഷജീർ.എസ്, മുഹമ്മദ് അസ്ഹബ്, ദാറുൾ സലാം, ചിലക്കൂർ | എസ്.എ. ട്രേഡേഴ്സ്, പെരുംകുളം |
| 9 | XVI/298 | ശ്രീ.ശശി. എസ്, സൂര്യകാന്തി, കവലയൂർ | സൂര്യ ഏജൻസീസ് - ഗൃഹോപകരണ വിൽപ്പന |
| 10 | XV/259 | ശ്രീ.രാജീവ്, രാജ് ഭവൻ, കവലയൂർ | വിമലാസ്, കവലയൂർ- തുണിക്കട |
| 11 | XII/82(A) | ശ്രീമതി. സോഫിയ, എ.എസ്. മൻസിൽ, പെരുംകുളം | യാസിൻ ഫുഡ് പ്രോഡക്റ്റ്സ്, പെരുകുളം - ചപ്പാത്തി, അരിപ്പത്തിരി യൂണിറ്റ് |

മേൽ സ്ഥാപനങ്ങളെ വരും വർഷങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2020-21 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2021-22 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ആകെ മുപ്പത് കരാറുകാർ പങ്കെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ. ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ നാലു കരാറുകാർ തൊഴിൽ നികുതി അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടുണ്ട് . ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-12-1 ഓഡിറ്റോറിയം-ഹാൾ-സ്ഥാപന തൊഴിൽ നികുതി-ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപറയുന്ന സ്ഥാപനങ്ങളിൽ 2021-22 വർഷം വിവാഹങ്ങൾ നടന്നിട്ടുള്ളതായി വിവാഹ രജിസ്ട്രേഷൻ അപേക്ഷകളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1.ഇന്ദിരാ ഓഡിറ്റോറിയം.

2.മാസ് ഓഡിറ്റോറിയം.

3.വിജയ് കൺവെൻഷൻ സെന്റർ.

4.ഗുരുമന്ദിരം ഹാൾ

5.KTCT ഓഡിറ്റോറിയം.

എന്നാൽ ടി സ്ഥാപനങ്ങൾ, സ്ഥാപന തൊഴിൽ നികുതി അടച്ചിട്ടുള്ളതായി ലൈസൻസ് രജിസ്റ്ററുകളിൽ കാണുന്നില്ല. ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് സ്ഥാപന തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതായി പറയുന്നു. ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-12-2 തൊഴിൽ നികുതി-ഭാഗികമായി അടച്ചിരിക്കുന്നു.

A) ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ ഒന്നാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളൂ.

1.മണമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്

B)ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ രണ്ടാം അർദ്ധവർഷം മാത്രമേ ,സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയും ചെയ്തിട്ടുള്ളൂ.

1.PTM യു.പി.എസ്. തെഞ്ചേരിക്കോണം

2.ക്ഷീരോത്പാദക സഹകരണ സംഘം-വെസ്റ്റ്.

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) ലഭ്യമാക്കിയ മറുപടിയിൽ, ടി സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതായി പറയുന്നു.

ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, എന്നിവ പ്രകാരമുള്ള തൊഴിൽ നികുതി പൂർണ്ണ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 1-12-3 ഡോക്ടർമാർ തൊഴിൽ നികുതി അടച്ചിട്ടില്ല

(A) 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2) മുതൽ 3(11) വരെ എന്നിവ പ്രകാരം ഡോക്ടർമാർ പ്രതിവർഷം 2500/- രൂപ നിരക്കിൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണ്. എന്നാൽ മണമ്പൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന KTCT ആശുപത്രി ,കല്ലമ്പലം. എന്ന സ്ഥാപനത്തിലെ 131 ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.എന്നാൽ ടി പട്ടിക പ്രകാരം, ഡോക്ടർമാർ ആരും തൊഴിൽ നികുതി അടച്ചിട്ടില്ല.

(B) താഴെപറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും, ഡോക്ടർമാർ ആരും തൊഴിൽ നികുതി അടച്ചിട്ടില്ല.

| ക്രമ നം | വാർഡ് | ലൈസൻസി | സ്ഥാപനം |
|---|---|---|---|
| 1 | XV | ഡോ.ലേഖാഗോപകുമാർ | നാഗാർജ്ജുനാ ഏജൻസി |
| 2 | XV | ഡോ.ഗോപകുമാർ.N | ജനതാ ഹോമിയോഡിസ്പൻസറി |

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18 ) മറുപടി ലഭ്യമാക്കിയ മറുപടിയിൽ, ടി സ്ഥാപനങ്ങളിലെ ഡോക്ടർമാർ തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകിയതായി പറയുന്നു.

പ്രസ്തുത വ്യക്തികളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള നിരക്കിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-12-4 ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

മണമ്പൂർ ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷംതൊഴിൽ നികുതി രജിസ്റ്ററിൽ ഉൾപ്പെട്ട താഴെപറയുന്ന സ്ഥാപനങ്ങൾ, സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയോ, ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.

1.ഹെർക്കലീസ് ഓട്ടോമൊബൈൽസ് (സർവ്വീസ്)

2.KSEB കവലയൂർ

ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15) ലഭ്യമാക്കിയ മറുപടിയിൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടക്കാൻ ആവശ്യപ്പെ ട്ട് നോട്ടീസ് നൽകിയതായി പറയുന്നു. .ടി സ്ഥാപനങ്ങളിൽ നിന്ന് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം, ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1.പഞ്ചായത്ത് പരിസരത്ത് മൂന്ന് ആധാരം എഴുത്താഫീസുകൾ, ഒരു അക്ഷയ കേന്ദ്രം,ബസ് സ്റ്റോപ്പിനടുത്ത് ഒരു ജനസേവന കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നു.എന്നാൽ ടി സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

2.ബസ് സ്റ്റോപ്പിനടുത്തായി ചന്ദ്രഗിരി സാമിൽ എന്ന സ്ഥാപനം പ്രവർത്തിക്കുന്നതായി കണ്ടു.എന്നാൽ 2021-22 വർഷം ടി സ്ഥാപനം ലൈസൻസ് എടുക്കുകയോ,സ്ഥാപന തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്തിട്ടില്ല.ടി സ്ഥാപനം മാറ്റി സ്ഥാപിക്കാൻ അപേക്ഷ നൽകിട്ടുള്ളതിനാൽ ലൈസൻസ് എടുത്തിട്ടില്ല എന്നാണ് ഇതു സംബന്ധിട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയത്.2021-22 വർഷം ലൈസൻസ് എടുക്കുകയോ, സ്ഥാപന തൊഴിൽ നികുതി അടയ്ക്കുകയോ ചെയ്യാത്തതിന് തൻവർഷം സ്ഥാപനം മാറ്റി സ്ഥാപിക്കാൻ നൽകിട്ടുള്ള അപേക്ഷ സാധൂകരണം ആകുന്നില്ല.അതിനാൽ ടി മറുപടി അംഗീകരിക്കാൻ കഴിയില്ല.

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കേണ്ടതാണ്.

## 1-14 ആസ്തി രജിസ്റ്റർ കാലികമല്ല.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. മണമ്പൂർഗ്രാമ പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

എ).പ്രോജക്ട് നം.140/22,അംഗൻവാടിക്ക് ഭൂമി വാങ്ങൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി, 3.19 ആർ ഭൂമി വാങ്ങിയിട്ടുണ്ട്.ടി ഭൂമിആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയില്ല.

ബി) .പ്രോജക്ട് നം.1 68/22,ൽ ഉൾപ്പെടുത്തി, ഹരിത കർമ്മസേനയ്ക്കായി വാങ്ങിയ മഹീന്ദ്രാ ബൊലീറോ വാഹനം ആസ്തി രജിസ്റ്ററിൽഉൾപ്പെടുത്തിയിട്ടില്ല.

ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 4ന് മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ലൈഫ് ഭവന നിർമ്മാണം-പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം എഗ്രിമെന്റ് വച്ച്, ആനുകൂല്യം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം - ന് ലഭ്യമായ മറുപടി പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, വാർഡ് | വർഷം | കൈപ്പറ്റിയ തുക (രൂപ) | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | ശ്രീമതി അമ്മിണി, III | 2018-19 | 40000 | നോട്ടീസ് നൽകി |
| 2 | ശ്രീമതി ബീന അഷറഫ്, VII | 2018-19 | 80000 | നോട്ടീസ് നൽകി |
| 3 | ശ്രീമതി വിജയകുമാരി, XV | 2020-21 | 40000 | നോട്ടീസ് നൽകി |
| 4 | ശ്രീമതി സനൂജ, IX | 2020-21 | 200000 | നോട്ടീസ് നൽകി |

| | | | | |
|---|---|---|---|---|
| 5 | ശ്രീമതി ആരിഫാ ബീവി, VII | 2020-21 | 300000 | നോട്ടീസ് നൽകി |

ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണത്തിനായി തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാ/പൂർത്തിയാക്കിയിട്ടില്ല, എങ്കിൽ ഇതിനായി അനുവദിച്ച തുക പലിശ സഹിതം തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 കന്നുകുട്ടി പരിപാലനം വിനിയോഗ വിവരം ലഭ്യമാകുന്ന രജിസ്റ്റർ തയ്യാറാക്കണം

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള പശു കുട്ടികളെ തിരഞ്ഞെടുത്ത് സബ്സിഡി നിരക്കിൽ കാലിതീറ്റ ലഭ്യമാക്കുന്നതാണ് പദ്ധതി. 100 ഗുണഭോക്താക്കൾക്കായി 12,50,000/- രൂപ Special Livestock Breeding Programme (SLBP) ഡയറക്ടർക്ക് വെറ്ററിനറി സർജൻ കൈമാറിയിട്ടുണ്ട് (പ്രോജക്ട് നം. 12/22). എന്നാൽ ഈ തുകയിലെ 775140.50 ഇതിനകം വിനിയോഗിച്ചതായി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന സാമ്പത്തിക വർഷം തന്നെ ചെലവു തുകയുടെ വിനിയോഗം ഇത്തരം പദ്ധതികളിൽ പൂർത്തിയാകുന്നതല്ല. പരിപാലനത്തിന് തിരഞ്ഞെടുക്കുന്ന കന്നുകുട്ടികൾ പരിപാലന കാലയളവിനുള്ളിൽ ചത്തുപോകുന്നതിനുള്ള സാധ്യതയുമുണ്ട്. ചത്തുപോകുന്ന കന്നുകുട്ടികളുടെ എണ്ണമനുസരിച്ച് പരിപാലനതുക തിരികെ ലഭ്യമാക്കേണ്ടതുമുണ്ട്. ഇത്തരം സാഹചര്യങ്ങളാൽ ചെലവാക്കുന്ന തുകയുടെ വിനിയോഗ വിവരം കൃത്യമായി പരിശോധിക്കുവാൻ എല്ലാ വിവരങ്ങളും അടങ്ങിയ രജിസ്റ്റർ വെറ്ററിനറി സർജൻ തയ്യാറാക്കി സൂക്ഷിക്കുന്നത് പൊതുപണം പ്രയോജനകരമാംവിധം ഉപയോഗിക്കപ്പെട്ടുവെന്നു ഉറപ്പാക്കാൻ കഴിയുന്നതാണ്. വെറ്ററിനറി സർജൻ അടിയന്തിര ശ്രദ്ധ നൽകേണ്ടതാണ്.

## 1-17 കെൽട്രോണിന് അധിക തുക നൽകിയത് ഈടാക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം. | SO0174/22 |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ |
| അടങ്കൽ | 42,799/- രൂപ (മെയിന്റനൻസ് ഫണ്ട് – റോഡിതരം) |
| ചെലവ് | 42,799/- രൂപ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) |
| ബിൽ നമ്പർ | 285/28.2.2022 |

സേവനം മെച്ചപ്പെടുത്തൽ പദ്ധതിയ്ക്കായി ആയുർവേദ ആശുപത്രിയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. മിഷന്, സർക്കാരിന്റെ അംഗീകൃത സ്ഥാപനമായ കെൽട്രോണിൽ നിന്നുള്ള Proforma Invoice പ്രകാരമുള്ള ബിൽ തുകയായ 42,799/-രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ഫയലിനോടൊപ്പം ലഭ്യമാക്കിയ Acer India (Private) Limited ന്റെ Tax Invoice (GSTIN Invoice Srl No. PYSI22009166 Dated 5.6.2022, Cust PO: ITBG/ITP/SRC/0906/21-22) പ്രകാരം 41,152/- രൂപയാണ് ബിൽ തുക. രണ്ട് ബില്ലുകളും തമ്മിൽ 1,647/- രൂപയുടെ വ്യത്യാസം കാണുന്നു. അധികമായി നൽകിയ നൽകിയ തുക തിരികെ ലഭിക്കുന്നതിനായി ഐ.ടി മിഷന് കത്ത് നൽകിയിട്ടുള്ളതായും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ലായെന്നും ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടിയായി നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

പ്രൊഫോർമ ഇൻവോയ്സിലെയും ടാക്സ് ഇൻവോയ്സിലെയും തുകയിൽ വന്ന 1,647/- രൂപയുടെ വ്യത്യാസം ഐ.ടി.മിഷനുമായി ബന്ധപ്പെട്ട് തിരികെ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 കണ്ടിജൻസി ചെലവുകൾ 3757/- രൂപ തിരികെ അടവാക്കണം

പ്രോജക്ട് നം. പേര് –55, എൽ.പി.സ്കൂളുകൾക്ക് കണ്ടിജന്റ് ചെലവ്
നിർവ്വഹണ ഉദ്യോഗസ്ഥൻ –ഹെഡ്മാസ്റ്റർ
അടങ്കൽ തുക – 50000/- രൂപ
ചെലവ് തുക – 11391/- രൂപ
ഫണ്ടിനം – തനതു ഫണ്ട്

മണമ്പൂർ UPS, കുളമുട്ടം LPS എന്നീ സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾക്കായി 55/2022 എന്ന പദ്ധതി വിഭാവനം ചെയ്യുകയും അടങ്കൽ തുകയായ 50000/- രൂപയിൽ നിന്ന് 11391/- രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ് തുടങ്ങിയവയാണ് കണ്ടിജൻസി ചെലവായി കാണുന്നത്. തനത് ഫണ്ടിൽ നിന്ന് നൽകപ്പെട്ട തുകയുടെ ഉപയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റിനായി വൗച്ചറുകൾ മുഴുവനായി ഹാജരാക്കുവാൻ കഴിഞ്ഞില്ല.

വാട്ടർ ബില്ലുകൾ, വൈദ്യുതി ബില്ലുകൾ എന്നിവയടങ്ങിയ 7634/- രൂപയുടെ വൗച്ചറുകളാണ് ഹാജരാക്കിയിട്ടുള്ളത്.

3757/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. അതിനാൽ 3757/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിശദവിവരം ഖണ്ഡിക 3-1-ൽ ചേർത്തിട്ടുണ്ട്.

## 1-19 കരാറിലെ നിബന്ധനകൾ അടിയന്തിരമായി കാലികമാക്കണം.

1. ഓഡിറ്റ് വർഷത്തിൽ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ വച്ചത് നിലവിലെ സാഹചര്യത്തിന് അനുസൃതമായ വ്യവസ്ഥകൾ ഉൾകൊള്ളിച്ചുകൊണ്ടല്ല. വളരെ പ്രധാനമായ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണ്. കരാറിന്റെ അന്തസത്ത സമയമാണെന്നിരിക്കെ പ്രവൃത്തി പൂർത്തീകരിക്കാനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല എന്ന ഗുരുതര വീഴ്ചയും സംഭവിച്ചിട്ടുണ്ട്. എല്ലാ പ്രവൃത്തികളുടേയും കരാറുടമ്പടി ഒരേ ഫോറത്തിൽ തന്നെയാണ് തയ്യാറാക്കി വരുന്നത്. ഈ കരാറിലെ നലാമത്തെ വസ്ഥയിൽ, പ്രവൃത്തിക്ക് ആവശ്യമായ സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസിലാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽക്കുതന്നെ DAR ഉം DSR ഉം നടപ്പിലാക്കിയിട്ടുണ്ട്. ഇവ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് CPWD Specification ആണ്. കൂടാതെ ഗ്രാമീണ റോഡുകൾക്ക് MORD Specification ആണ് ഉപയോഗിക്കുന്നത്. കാലഹരണപ്പെട്ട വ്യവസ്ഥകൾ കരാറിൽ നിലനിറുത്തുന്നത് നിയമപരമല്ല.

2. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. കരാറിലെ രണ്ടാമത്തെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നതിന് പ്രവൃത്തി വിവര പട്ടികയോ, പ്രവർത്തന കലണ്ടറോ കരാറിന്റെ ഭാഗമാക്കിയിട്ടില്ല. പ്രവൃത്തിയുടെ പ്രോജക്ട് കരാറിന്റെ ഭാഗമായി പരിഗണിച്ചാൽ തന്നെ മിക്ക പ്രവൃത്തികളുടെയും കാര്യത്തിൽ കരാർ തീയതി പരിഗണിക്കുമ്പോൾ പ്രോജക്ടിലെ പ്രവൃത്തി പൂർത്തീകരണ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുകയെന്നത് അസംഭവ്യമാണെന്ന് കാണാം. പ്രോജക്ട് ഏകവർഷ പ്രോജക്ടാണെന്നിരിക്കെ കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുന്ന സാഹചര്യമാണുള്ളത്.

3. കരാറിന്റെ ഏഴാമത്തെ വ്യവസ്ഥയായി പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ച് വിശദമാക്കുന്ന 2012ലെ പുതുക്കിയ PWD മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം അതിനുമുമ്പുള്ള മാന്വലിലെ വ്യവസ്ഥകളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. ഇത് ക്രമപ്രകാരമല്ല.

കരാർ ലംഘനങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ കോടതി വ്യവഹാരങ്ങളിലേക്ക് പോകുമ്പോൾ ഇത്തരം നിബന്ധനകൾ പഞ്ചായത്തിന് അനുകൂലമാകില്ല. ആയതിനാൽ നിലവിലെ കരാർ നിബന്ധനകൾ കാലികമായി പരിഷ്കരിക്കുവാൻ അടിയന്തിര ഇടപെടലുകൾ ഉണ്ടാകണം.

## 1-20 പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്ക് സർക്കാർ ഉത്തരവുപ്രകാരമുള്ള നിരക്കുമായി പൊരുത്തപ്പെടുന്നില്ല.

വിവിധ ദിനപത്രങ്ങളിൽ സർക്കാർ സ്ഥാപനങ്ങൾ നൽകുന്ന പരസ്യങ്ങൾക്കുള്ള നിരക്ക് ജി.ഒ (ആർ.ടി).നം.551/15/ I&PRD തീ.20.11.2015, ജി.ഓ(പി) നം17/15/ I & PRD തീയതി 08-12-2015, ജി.ഓ (ആർ.ടി) നം. 288/14/I & PRD തീയതി 10-09-2014, ജി.ഓ (പി) നം.1/2019/I&PRD തീ.07.01.2019, ജി.ഓ (പി)നം.2/2020/I&PRD തീ.10.12.2020 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ഇതുപ്രകാരം, തിരുവനന്തപുരം ജില്ലയിൽ കേരളകൗമുദി ദിനപത്രത്തിന്റെ പരസ്യ താരിഫ് 158രൂപsq.cm ഉം,ദേശാഭിമാനിയുടേത് 57രൂ/sq.cm ആണ്.എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇതിലും കൂടിയ നിരക്കിലുള്ള പരസ്യ താരിഫ് ആണ് നല്കിയിട്ടുള്ളത്. കൂടാതെ, പരസ്യങ്ങൾ പി.ആന്റ്.എ.ആർ.ഡി വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട് അനുവദിച്ച് നൽകണമെന്ന് മേൽ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കേരളകൗമുദി ദിനപത്രത്തിൽ പരസ്യം നൽകിയപ്പോൾ ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമം നം. | പത്രം | കോളം വലിപ്പം(sq.cm) | ബിൽ തുക (രൂപ) | പരസ്യതാരിഫ് രൂപ/sq.cm | പരസ്യ തീയതി |
|---|---|---|---|---|---|
| 1 | കേരളകൗമുദി | 32 | 10240 | 320 | 12.11.2021 |
| 2 | ദേശാഭിമാനി | 48 | 9600 | 200 | 08.09.2021 |
| 3 | ദേശാഭിമാനി | 48 | 9600 | 200 | 14.09.2021 |
| 4 | ദേശാഭിമാനി | 48 | 9600 | 200 | 06.08.2021 |
| 5 | ദേശാഭിമാനി | 48 | 9600 | 200 | 01.09.2021 |
| 6 | ദേശാഭിമാനി | 40 | 8000 | 200 | 06.10.2021 |
| 7 | ദേശാഭിമാനി | 48 | 9600 | 200 | 24.10.2021 |
| 8 | ദേശാഭിമാനി | 48 | 9600 | 200 | 22.02.2022 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ (നം) കേരളകൗമുദി, ദേശാഭിമാനി പത്രങ്ങൾ ഈടാക്കുന്ന വാണിജ്യ പരസ്യ നിരക്കിലാണ് തുക നല്കിയത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ സർക്കാർ പരസ്യങ്ങൾക്ക് മേല്പറഞ്ഞ ഉത്തരവ് പ്രകാരമുള്ള നിരക്കാണ് ബാധകം. സർക്കാർ ഉത്തരവ് പ്രകാരമുള്ള പരസ്യ താരിഫ്, ഡിസ്കൗണ്ട് എന്നിവ പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്ന കാര്യത്തിൽ ഭരണവകുപ്പിന്റെ ഇടപെടൽ അനിവാര്യമാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കണ്ടിജൻസി ചെലവുകൾ 3757/- രൂപ ക തിരികെ അടവാക്കണം

പ്രോജക്ട് നം. പേര് –55, എൽ.പി.സ്കൂളുകൾക്ക് കണ്ടിജൻ്റ് ചെലവ്
നിർവ്വഹണ ഉദ്യോഗസ്ഥൻ -ഹെഡ്മാസ്റ്റർ
അടങ്കൽ തുക – 50000/- രൂപ
ചെലവ് തുക – 11391/- രൂപ
ഫണ്ടിനം – തനതു ഫണ്ട്

മണന്നൂർ UPS, കുളമുട്ടം LPS എന്നീ സ്കൂളുകളുടെ കണ്ടിജൻസി ചെലവുകൾക്കായി 55/2022 എന്ന പദ്ധതി വിഭാവനം ചെയ്യുകയും അടങ്കൽ തുകയായ 50000/- രൂപയിൽ നിന്ന് 11391/- രൂപ ചെലവഴിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ് തുടങ്ങിയവയാണ് കണ്ടിജൻസി ചെലവായി കാണുന്നത്. തനത് ഫണ്ടിൽ നിന്ന് നൽകപ്പെട്ട തുകയുടെ ഉപയോഗ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥൻ തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ ഓഡിറ്റിനായി വൗച്ചറുകൾ മുഴുവനായി ഹാജരാക്കുവാൻ കഴിഞ്ഞില്ല.

| തുക | ബിൽ നമ്പർ/തീയതി | ചെക്ക് നം./തീയതി |
|---|---|---|
| 3827 | 393/30.03.2022 | 776636/31.03.22 |
| 7564 | 199/17.01.2022 | 775778/13.01.22 |

വാട്ടർ ബില്ലുകൾ, വൈദ്യുതി ബില്ലുകൾ എന്നിവയടങ്ങിയ 7634/- രൂപയുടെ വൗച്ചറുകളാണ് ഹാജരാക്കിയിട്ടുള്ളത്. 3757/- രൂപയുടെ വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 24 ന് മറുപടി ലഭ്യമാക്കിയില്ല. ബില്ലുകളുടെ അഭാവത്തിൽ അധികമായി കൈപ്പറ്റിയ 3757/- രൂപ തനതന് ഫണ്ടിൽ തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തൻവർഷ വരവ് | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 1227450 | കേദാരം | 637500 | 0 |
| | | | സ്നേഹസ്പർശം | 168750 | |
| | | | ക്ഷീര സമൃദ്ധി | 100000 | |
| | | | ലൈഫ് വീട് | 321200 | |
| | | | ആകെ | 1227450 | |
| ബ്ലോക്ക് പഞ്'ചായത്ത് | 653912 | 1541250 | പാലിന് സബ്സിഡി- ജനറൽ | 300000 | 380775 |

| | | | | |
|---|---|---|---|---|
| | | | ലൈഫ് ഭവന പദ്ധതി സ്പിൽ ഓവർ | 273137 |
| | | | അനുപൂരക പോഷകാഹാരം | 100000 |
| | | | സ്നേഹസ്പർശം | 168750 |
| | | | കേദാരം- സമഗ്ര നെൽകൃഷി വികസനം | 382500 |
| | | | അംഗനവാടിയ്ക്ക് ഭൂമി | 150000 |
| | | | ലക്ഷം വീട് ന്യൂ ലൈഫ് | 120000 |
| | | | ലക്ഷം വീട് | 120000 |
| | | | പാലിയേറ്റീവ് കെയർ | 200000 |
| | | | ആകെ | 1814387 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്കു നല്കിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | മുന്നിരിപ്പ്(20-21B18) | പ്രവൃത്തിയുടെ പേര് | തൻവർഷം മുൻക്കൂർ നൽകിയ തുക | ചെലവഴിച്ച തുക | മുൻ വർഷത്തേത് ഉൾപ്പെടെ Uc ലഭിച്ച തുക | ബാക്കിയുള്ള തുക(മുന്നിരിപ്പ് ഉൾപ്പെടെ) 21-212B18 |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | 1027948 | ഗതാഗതത്തിന് തടസ്സമായി നില്ക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 310036 | | | 2588984 |
| | | വൈദ്യുത ലൈൻ മെയിൻ ദീർഘിപ്പിക്കൽ | 1251000 | 0 | 0 | |
| ആകെ | 1027948 | | 1561036 | | | 2588984 |
| കേരളാ വാട്ടർ അതോറിറ്റി | 3278889 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 320000 | 0 | 0 | 320000 |
| ആകെ | 3278889 | | 320000 | | | 1520000 |
| ഗ്രൌണ്ട് വാട്ടർ അതോറിട്ടി | 0 | വാളക്കോട്ടു മല മിനി കുടിവെള്ള പദ്ധതി | 1150000 | 0 | 0 | 3300000 |
| ഗ്രൌണ്ട് വാട്ടർ അതോറിട്ടി | | കൊടിളുക്കികുന്ന് അംഗൻവാടി കുഴൽക്കിണർ നിർമ്മാണം | 650000 | 0 | 0 | |
| ഗ്രൌണ്ട് വാട്ടർ അതോറിട്ടി | | പുന്നവിള കുടിവെള്ള പദ്ധതി | 1150000 | 0 | 0 | |
| ഗ്രൌണ്ട് വാട്ടർ അതോറിട്ടി | | കൊടിളുക്കികുന്ന് അംഗൻവാടി കുഴൽക്കിണർ നിർമ്മാണം(11) | 350000 | 0 | 0 | |
| ആകെ | | | 3300000 | 0 | 0 | |

2018-19 വർഷം KWA യിൽ നിന്നും തിരികെ ലഭിച്ച തുക 614049/- രൂപ Prior Period ഹെഡായി ജേണൽ രേഖപ്പെടുത്തി അഡ്വാൻസ് ഹെഡിൽ നിന്നും കുറവ് ചെയ്യു. 703664/- രൂപ 2021-22 വർഷം തിരികെ ലഭിച്ചതും 761176/- രൂപ തൻവർഷം UC ലഭിച്ചതാണെന്നും അറിയിച്ചു.

761176/- രൂപ തൻവർഷം UC ലഭിച്ചതാണെന്ന് അറിയിച്ചെങ്കിലും ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ലോൺ | | 23810000 | 17654667 | 2566667 | 15088000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

| ക്രമ നം. | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപേരും | രസീത് നം |
|---|---|---|---|---|---|
| 1 | 2004-05 | 3-6(A) | 1554 | അസി.എഞ്ചിനീയർ | 1210101011996 27.12.21 |
| 2 | 2004-05 | 3-6(B) | 3030 | അസി.എഞ്ചിനീയർ | 210101011997 27.12.21 |
| 3 | 2009-10 | 3-6 | 9414 | അസി.എഞ്ചിനീയർ | 210101011998 27.12.21 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-10 | 2009-10 | 3-10 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | |
| 2009-10 | 3-7-1 | 2009-10 | 3-7-1 | പുളിയിക്കച്ചിറ കുടിവെള്ള പദ്ധതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ്(രൂപ) | 18640453 |
| ഓഡിറ്റ് വർഷത്തെ വരവ്(രൂപ) | 88749450 |
| ഓഡിറ്റ് വർഷത്തെ ചെലവ്(രൂപ) | 90076801 |
| നീക്കിയിരിപ്പ്(രൂപ) | 17313102 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3757 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല. |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3757 | ശ്രീ ഉണ്ണികൃഷ്ണൻ നായർ, ഹെഡ്മാസ്റ്റർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല. | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഉണ്ണികൃഷ്ണൻ നായർ, ഹെഡ്മാസ്റ്റർ | വിരമിച്ചു | അനിതഭവൻ, വെള്ളല്ലൂർ പി.ഒ, കിളിമാനൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/387/2022<br>തീയതി 25.10.2022 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.4/387/2022<br>തീയതി 25.10.2022 | 1 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/328/19 തീയതി 12.11.19 | 23 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/496/20 തീയതി 04.05.20 | 21 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/703/21 തീയതി 09.04.2021 | 57 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1016/22 തീയതി 30.06.2022 | 40 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ മണമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്